# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1346 — 21.03.2012 ൽ മറുപടിയ്ക്ക്

### വായ്പകൾക്ക് റിസ്ക് ഫണ്ട് സ്കീം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾക്ക് റിസ്ക് ഫണ്ട് സ്കീം നിലവിൽ വന്നത് എന്ന് മുതലാണ്; | (എ) 01.04.2008 മുതലാണ് കേരള സഹകരണ റിസ്ക് ഫണ്ട് സ്കീം 2008 നിലവിൽ വന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വായ്പ എടുക്കുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ; | (ബി) വ്യവസ്ഥകൾക്ക് വിധേയമായി വായ്പ എടുത്ത ആൾ വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന നിലവിൽ ഒരു ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുക്കുന്ന കൂട്ടായ വായ്പയാണെങ്കിലും അതിൽ ഒരു വായ്പക്കാരൻ മരണപ്പെടുകയും ചെയ്താൻ മറ്റു വായ്പക്കാർക്ക് ബാക്കി നിൽക്കുന്ന തുക അടച്ചു തീർക്കാൻ കഴിയില്ലെന്ന് ബന്ധപ്പെട്ട സഹകരണ സംഘത്തിന് ബോധ്യപ്പെടുകയാണെങ്കിൽ സംഘം ഭരണസമിതിയുടെ ശുപാർശയിൻമേൽ വായ്പക്കാരൻ മരണമടഞ്ഞ തീയതി മുതൽ ബാക്കി നിൽക്കുന്ന തുകയോ ആനുപാതികമായ തുകയോ റിസ്ക് ഫണ്ടിൽ നിന്നും നൽകുന്നതാണ്. |
| (സി) | സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന വിവിധ വായ്പകളുടെ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് കൂടുതലായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) വായ്പ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ സ്വീകരിക്കുന്നതാണ്.<br>1) നെൽകൃഷിക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കുന്നത് തുടരുന്നതാണ്.<br>2) വായ്പക്കാലാവധി 5 വർഷമെന്നത് 10 |

വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3) എല്ലാത്തരം കാർഷിക വായ്പയും 7 ശതമാനം നിരക്കിൽ നൽകുന്നതാണ്.

4) കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് **2** ശതമാനം പലിശയിളവ് നബാർഡിൽ നിന്ന് നൽകും.

5) കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് പ്രത്യേക അനുമതി നൽകും.

6) യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 5 ശതമാനം പലിശയിളവ് അനുവദിക്കുന്നതിനായി സ്റ്റിമുലസ് പാക്കേജ് നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ